ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ ശക്തിയാണ് ഇന്ത്യയെന്നും രാഷ്ട്രീയ ജനാധിപത്യത്തെ സാമൂഹിക ജനാധിപത്യമാക്കി മാറ്റണമെന്നും രാഷ്ട്രപതി ദ്രൗപതി മുർമു.

President Draupadi Murmu says that India is the largest democratic power in the world. We must make our political democracy a social democracy as well, says President quoting Dr. B. R. Ambedkar.

2) 78-ാാം സ്വാതന്ത്ര്യ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ചുവപ്പ് കോട്ടയിൽ നാളെ ദേശീയ പതാക ഉയർത്തും; 2047-ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾക്ക് നവോന്മേഷം പകരാനുള്ള അവസരമായി സ്വാതന്ത്ര്യ ദിനാഘോഷം മാറുമെന്ന് കേന്ദ്രസർക്കാർ.

Prime Minister Narendra Modi will hoist the national flag at the Red Fort tomorrow on the 78th Independence Day; The union govt says Independence Day celebrations will serve as a platform to provide a renewed push to the government's efforts towards transforming the country into a developed nation by 2047.

3) കേരളത്തിൽ സ്വാതന്ത്ര്യദിന ആഘോഷങ്ങൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് തുടക്കം കുറിക്കും.

Chief Minister Pinarayi Vijayan to inaugurate Kerala's Independence Day celebrations at Thiruvananthapuram.

4) വയനാട് ഉരുൾപൊട്ടലിൽ മരിച്ചവരുടെ ആശ്രിതർക്ക് ആറ് ലക്ഷം രൂപ ധനസഹായം നൽകുമെന്ന് മുഖ്യമന്ത്രി; മേഖലയിൽ തിരച്ചിൽ നാളെയും തുടരും.

The Kerala Chief Minister announces financial assistance of Rs.6 lakh to kin of deceased in the Wayanad landslide; The search will continue tomorrow.

5) രാജ്യത്ത് ഡെങ്കിപ്പനിക്കെതിരായ ആദ്യ പ്രതിരോധ വാക്സിന്റെ മൂന്നാംഘട്ട ക്ലിനിക്കൽ പരീക്ഷണം ആരംഭിച്ചതായി കേന്ദ്ര ആരോഗ്യമന്ത്രാലയം.

The Union Health Ministry announces first-ever Phase 3 clinical trial for a dengue vaccine in India.

6) ഇന്ത്യൻ ഹോക്കി ടീം ഗോൾകീപ്പർ പി. ആർ ശ്രീജേഷിനുള്ള രാജ്യത്തിൻറെ ആദരസൂചകമായി 16-ാം നമ്പർ ജഴ്സി, ഹോക്കി ഇന്ത്യ പിൻവലിച്ചു.

Hockey India retires No. 16 jersey in honour of Indian Hockey team goalkeeper PR Sreejesh

&&&&&&&&&&&&&&&&&&

## PRESIDENT INTRO

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ ശക്തിയാണ് ഇന്ത്യയെന്നും നമ്മുടെ രാഷ്ട്രീയ ജനാധിപത്യത്തെ സാമൂഹിക ജനാധിപത്യമാക്കി മാറ്റണമെന്നും രാഷ്ട്രപതി ദ്രൗപതി മുർമു. സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി രാജ്യത്തെ അഭിസംബോധന ചെയ്യുകയായിരുന്നു

രാഷ്ട്രപതി. ഭരണഘടനയുടെ 75-ാ൦ വർഷം ആഘോഷിക്കുന്ന ഈ വേളയിൽ നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ ഭരണഘടനാ ആദർശങ്ങളിൽ രാജ്യം ഉറച്ചു നിൽക്കുകയാണെന്നും രാഷ്ട്രപതി പറഞ്ഞു.

( രാഷ്ട്രപതി വോയിസ് )

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത നേതാക്കളെ രാഷ്ട്രപതി അനുസ്മരിച്ചു. 1947- ലെ ഇന്ത്യ-പാകിസ്ഥാൻ വിഭജനത്തെ ഓർമപ്പെടുത്തുന്നതിനായി ആചരിക്കുന്ന വിഭജനഭീതി സ്മരണ ദിനത്തെ കുറിച്ച് ശ്രീമതി മുർമു പരാമർശിച്ചു. വിഭജനകാലത്തെ പലായനങ്ങൾക്കിടെ ജീവൻ നഷ്ടമായവരെയും ഛിന്നഭിന്നമായ കുടുംബങ്ങളെയും സ്മരിക്കുന്നതായി രാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&&&&

## INDEPENDENCE DAY

സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കുള്ള മുന്നൊരുക്കങ്ങൾ രാജ്യതലസ്ഥാനത്ത് അവസാനഘട്ടത്തിൽ. പ്രധാനമന്ത്രി നരേന്ദ്രമോദി ചുവപ്പ് കോട്ടയിൽ നാളെ ദേശീയ പതാക ഉയർത്തും. വികസിത് ഭാരത് @ 2047 എന്നതാണ് ഈ വർഷത്തെ സ്വാതന്ത്ര്യദിനത്തിൻ്റെ പ്രമേയം. 2047-ഓടെ ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾക്ക് നവോന്മേഷം പകരാനുള്ള അവസരമായി സ്വാതന്ത്ര്യ ദിനാചരണം മാറുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചു. ചുവപ്പ് കോട്ടയിലെ ആഘോഷ പരിപാടിയിൽ

യുവാക്കൾ, ആദിവാസി സമൂഹം, സ്ത്രീകൾ, കർഷകർ തുടങ്ങി വിവിധ വിഭാഗങ്ങളിൽ നിന്നുള്ള ആറായിരത്തോളം വിശിഷ്ടാതിഥികൾ പങ്കെടുക്കും. കേന്ദ്രസർക്കാർ സംഘടിപ്പിച്ച വിവിധ ഓൺലൈൻ മത്സരങ്ങളിലെ വിജയികളായ മൂവായിരം പേരും രാജ്യത്തെ വിവിധ സ്കൂളുകളിൽ നിന്നുള്ള രണ്ടായിരം കേഡറ്റുകളും ആഘോഷങ്ങളുടെ ഭാഗമാകും.

&&&&&&&&&&&&&&&&&&

## MANDAVIYA- INTERACTION

ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ നടക്കുന്ന സ്വാതന്ത്ര്യദിന ആഘോഷങ്ങളിലേക്ക് ക്ഷണിക്കപ്പെട്ട നാഷണൽ സർവീസ് സ്കീമിൻ്റെയും, മൈ ഭാരതിൻ്റെയും വോളണ്ടിയർമാരുമായി കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ന് സംവദിച്ചു. യുവജനങ്ങളാണ് രാജ്യത്തിൻ്റെ ഭാവിയെന്നും, 2047ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു. വികസിത ഭാരതമെന്ന കാഴ്ചപ്പാട് യാഥാർഥ്യമാക്കാൻ എല്ലാവരും പരിശ്രമിക്കണമെന്നും കേന്ദ്രമന്ത്രി അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## KERALA - INDEPENDENCE

കേരളത്തിൽ സ്വാതന്ത്ര്യദിന ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ

തിരുവനന്തപുരത്ത് ദേശീയ പതാക ഉയർത്തും. തുടർന്ന് വിവിധ സേനാവിഭാഗങ്ങളുടെ അഭിവാദ്യം സ്വീകരിക്കുന്ന മുഖ്യമന്ത്രി സ്വാതന്ത്ര്യദിന സന്ദേശവും നൽകും. ജില്ലാ ആസ്ഥാനങ്ങളിൽ നടക്കുന്ന സ്വാതന്ത്ര്യദിന ചടങ്ങുകളിൽ ജില്ലയുടെ ചുമതലയുള്ള മന്ത്രിമാർ പതാക ഉയർത്തി അഭിവാദ്യം സ്വീകരിക്കും.

&&&&&&&&&&&&&&&&&&

## SHAH - HAR GHAR TIRANGA

രാജ്യത്തുടനീളം, വീടുകളിൽ ത്രിവർണ്ണ പതാക ഉയർത്തുന്ന ഹർഘർ തിരംഗപരിപാടിക്ക് സ്വാതന്ത്ര്യ ദിനമായ നാളെ സമാപനമാകും. എല്ലാ ജനങ്ങളും വീടുകളിൽ ദേശീയ പതാക ഉയർത്തണമെന്ന് കേന്ദ്രസർക്കാർ ആഹ്വാനം ചെയ്തു. ത്രിവർണ പതാകയ്ക്കൊപ്പം സെൽഫിയെടുത്ത് ഹർഘർ തിരംഗ പോർട്ടലിൽ അപ്-ലോഡ് ചെയ്യാവുന്നതാണ്. പരിപാടിയോട് അനുബന്ധിച്ച് അരുണാചൽ പ്രദേശിൽ അറുനൂറ് അടി നീളമുള്ള ഇന്ത്യൻ ദേശീയ പതാക വഹിച്ചുകൊണ്ടുള്ള തിരംഗ റാലി സംഘടിപ്പിച്ചതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്തോഷം പങ്കു വച്ചു. ഹർഘർ തിരംഗ പരിപാടിയുടെ ഭാഗമായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ന്യൂഡൽഹിയിലെ വസതിയിൽ ത്രിവർണ പതാക ഉയർത്തി.

&&&&&&&&&&&&&&&&&&

## HAR GHAR TIRANGA-COAL MINISTER

ഹർ ഘർ തിരംഗ ക്യാമ്പയിൻറെ ഭാഗമായി എല്ലാ വീടുകളിലും ദേശീയ പതാക ഉയർത്താൻ കേന്ദ്രമന്ത്രി ജി കിഷൻ റെഡ്ഡിയും ജനങ്ങളോട് ആഹ്വാനം ചെയ്തു. ഹൈദരാബാദിലെ സർദാർ വല്ലഭായ് പട്ടേലിന്റെ പ്രതിമയ്ക്ക് സമീപം സംഘടിപ്പിച്ച ദേശീയ ഗാനാലാപന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ദേശീയ ഐക്യവും അഖണ്ഡതയും സംരക്ഷിക്കേണ്ടത് എല്ലാവരുടെയും ഉത്തരവാദിത്തമാണെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## GALLANTRY AND SERVICE MEDAL

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചുള്ള രാഷ്ട്രപതിയുടെ സർവീസ് മെഡലുകളും, ധീരതയ്ക്കുള്ള പുരസ്കാരങ്ങളും 1,037 പേർക്ക് സമ്മാനിക്കും. പൊലീസ്, അഗ്നിരക്ഷാ സേന, ഹോം ഗാർഡ്, സിവിൽ ഡിഫൻസ്, കറക്ഷണൽ സർവീസ് ഉദ്യോഗസ്ഥർക്കുള്ള സർവീസ് മെഡലുകളും ധീരതാ പുരസ്കാരങ്ങളുമാണ് പ്രഖ്യാപിച്ചത്. 213 പേർക്കാണ് ധീരതാ പുരസ്കാരങ്ങൾ. വിശിഷ്ട സേവനങ്ങൾക്കുള്ള പുരസ്കാരം 94 പേർക്കും, സ്തുത്യർഹ സേവനങ്ങൾക്കുള്ള പുരസ്കാരം 729 പേർക്കുമാണ് നൽകുന്നത്.

&&&&&&&&&&&&&&&&&&

## RAJNATH- ARMED FORCES

രാജ്യത്തിൻ്റെ പ്രതിരോധ മേഖലയെ സ്വാശ്രയമാക്കാൻ കേന്ദ്ര സർക്കാർ നിരവധി പരിഷ്കാരങ്ങൾ കൊണ്ട്

വന്നതായി രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഭാഗമായി രാജ്യത്തെ സായുധ സേനയെ ആകാശവാണിയിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ പത്ത് വർഷത്തിനിടെ ആറ് ലക്ഷം കോടി രൂപയുടെ പ്രതിരോധ ഉപകരണങ്ങൾ തദ്ദേശീയ കമ്പനികളിൽ നിന്ന് വാങ്ങിയതായും, ഇതേ കാലയളവിൽ രാജ്യത്തിൻ്റെ പ്രതിരോധ ഉൽപ്പാദനം ഇരട്ടിയായെന്നും അദ്ദേഹം പറഞ്ഞു. സായുധ സേനയിലെ യുവാക്കളുടെ പ്രാധാന്യം എടുത്തു പറഞ്ഞ കേന്ദ്രമന്ത്രി, അഗ്നിപഥ് പദ്ധതി രാജ്യത്തിൻ്റെ ശക്തി വർദ്ധിപ്പിക്കുമെന്ന് അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## JK: ENCOUNTER

ജമ്മു കശ്മീരിലെ ദോഡ ജില്ലയിൽ ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു സൈനികന് വീരമൃത്യു. നാല് ഭീകരരെ സൈനികർ വധിച്ചു. ഏറ്റുമുട്ടലിൽ ഒരു സാധാരണ പൗരനും പരിക്കേറ്റതായാണ് റിപ്പോർട്ട്. ദോഡ ജില്ലയിലെ ശിവ്ഗഢ്-അസർ മേഖലയിൽ ഒരു സംഘം ഭീകരർ ഒളിച്ചിരിക്കുന്നതായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, സുരക്ഷാ സേന ഇന്നലെ രാത്രി മുതൽ തിരച്ചിൽ ആരംഭിച്ചിരുന്നു. അതേസമയം സ്വാതന്ത്ര്യ ദിനാഘോഷങ്ങളോട് അനുബന്ധിച്ച് ജമ്മുകശ്മീരിൽ സുരക്ഷ ശക്തമാക്കി. ശ്രീനഗറിലെ ബക്ഷി സ്റ്റേഡിയത്തിൽ ലഫ്റ്റനൻറ് ജനറൽ മനോജ് സിൻഹ നാളെ ദേശീയ പതാക ഉയർത്തും. ചെക്പോസ്റ്റുകളിൽ വാഹന പരിശോധനയും കർശനമാക്കി.

&&&&&&&&&&&&&&&&&&&

## KERALA CM - WAYANAD

വയനാട് ഉരുൾപൊട്ടലിൽ മരിച്ചവരുടെ ആശ്രിതർക്ക് ആറ് ലക്ഷം രൂപ ധനസഹായം നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 60 ശതമാനം ഭിന്നശേഷിയുള്ളവർക്ക് 75,000 രൂപയും പരിക്കേറ്റ മറ്റുള്ളവർക്ക് 50,000 രൂപയും നല്കും. താല്ക്കാലിക പുനരധിവാസത്തിന്റെ ഭാഗമായി വാടക വീടുകളിലേയ്ക്ക് മാറുന്നവർക്ക് വാടക ഇനത്തിൽ 6,000 രൂപയാണ് നൽകുക. ഉരുൾപൊട്ടലിൽ അകപ്പെട്ടവരിൽ 118 പേരെ ഇനിയും കണ്ടെത്താനുണ്ട്. മേഖലയിൽ തിരച്ചിൽ നാളെയും തുടരും.

&&&&&&&&&&&&&&&&&&&

## RAIN - KERALA

കേരളത്തിൽ വെള്ളിയാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, തൃശൂർ, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നിലവിലുണ്ട്. മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശവും നൽകി. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെയും കർണാടക തീരത്ത് വെള്ളിയാഴ്ച വരെയും മത്സ്യബന്ധനം വിലക്കി.

&&&&&&&&&&&&&&&&&&&

## ICMR- DENGUE VACCINE

രാജ്യത്ത് ഡെങ്കിപ്പനിക്കെതിരായ ആദ്യ പ്രതിരോധ വാക്സിന്റെ മൂന്നാംഘട്ട ക്ലിനിക്കൽ പരീക്ഷണം ആരംഭിച്ചതായി കേന്ദ്ര ആരോഗ്യമന്ത്രാലയം. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, മരുന്ന് കമ്പനിയായ പനേഷ്യ ബയോടെക്കുമായി ചേർന്നാണ് തദ്ദേശീയമായി ഡെങ്കിപ്പനി വാക്സിൻ നിർമ്മിച്ചത്. വാക്സീന്റെ ക്ലിനിക്കൽ പരീക്ഷണം ഡെങ്കിപ്പനിക്കെതിരായ പോരാട്ടത്തിലെ നിർണായക നേട്ടമാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെപി നഡ്ഡ പറഞ്ഞു.

&&&&&&&&&&&&&&&&&&

## HOCKEY–RETIRED

പാരീസ് ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീം ഗോൾകീപ്പർ പി. ആർ ശ്രീജേഷിനുള്ള രാജ്യത്തിൻറെ ആദരസൂചകമായി ശ്രീജേഷ് ധരിച്ച 16-ാാം നമ്പർ ജഴ്സി, ഹോക്കി ഇന്ത്യ പിൻവലിച്ചു. മലയാളിയായ ശ്രീജേഷിനെ ജൂനിയർ ദേശീയ ടീമിന്റെ പരിശീലകനായി നിയമിച്ചു. ഹോക്കി ഇന്ത്യയുടെ സെക്രട്ടറി ജനറൽ ഭോലാനാഥ് സിംഗാണ് ഇക്കാര്യം അറിയിച്ചത്. ശ്രീജേഷ് വിരമിക്കൽ പ്രഖ്യാപിച്ചതിനെത്തുടർന്നാണ് തീരുമാനം.

&&&&&&&&&&&&&&&&&&

## ED DIRECTOR

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ - ഡയറക്ടർ സ്ഥാനത്ത് രാഹുൽ നവീൻ IRSനെ നിയമിക്കാനുള്ള ഉത്തരവ് കേന്ദ്രസർക്കാർ പുറത്തിറക്കി. രണ്ടു വർഷത്തേക്കാണ് നിയമനം.

&&&&&&&&&&&&&&&&&&

## STOCK CLOSE+ GOLD RATE

രാജ്യത്തെ ഓഹരി വിപണികൾ ഇന്ന് നേട്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 149 പോയിന്റ് ഉയർന്ന് 79,105-ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 5 പോയിന്റ് നേട്ടത്തിൽ 24,143- ലും വ്യാപാരം അവസാനിച്ചു.

സ്വർണവില കുറഞ്ഞു. ഗ്രാമിന് 10 രൂപ താഴ്ന്ന് 6,555- ഉം, പവന് 52,440 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## BANGLADESH-PUBLIC HOLIDAY

ബംഗ്ലാദേശിൽ, ഓഗസ്റ്റ് 15- നുണ്ടായിരുന്ന പൊതു അവധി മഹ്മൂദ് യൂനസിൻ്റെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാർ ഔദ്യോഗികമായി റദ്ദാക്കി. കഴിഞ്ഞ 15 വർഷമായി ആഗസ്റ്റ് 15 ബംഗ്ലാദേശ് ദേശീയ ദുഃഖാചരണ ദിനമായി ആചരിച്ചിരുന്നു.

&&&&&&&&&&&&&&&&&&